II ഇ.ബി. XIII- കേരള നിയമസഭ/VIII-7

പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2013 മാർച്ച് 26, ചൊവ്വ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

23 (*181) ഭക്ഷ്യ സംസ്കരണ മേഖലയുടെ വ്യവസായ സാധ്യതകൾ

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) നൽകിയ മറുപടിയിൽ, ഭക്ഷ്യ സംസ്കരണ വ്യവസായത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സർക്കാർ ഈ മേഖലയ്ക്ക് മുന്തിയ പരിഗണനയാണ് നൽകുന്നതെന്ന് സഭയെ അറിയിച്ചു. 2003–ൽ ഗ്ലോബൽ അഗ്രി സിസ്റ്റംസ് എന്ന സ്ഥാപനം മുഖേന ഭക്ഷ്യ സംസ്കരണ മേഖലയിൽ കേരളത്തിന്റെ സാദ്ധ്യതകളെക്കുറിച്ച് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ തനത് ഭക്ഷ്യ വിഭവങ്ങളായ നാളികേരം, കുരുമുളക്, ഇഞ്ചി, ഏലം, മഞ്ഞൾ, തേയില, കിഴങ്ങു വർഗ്ഗങ്ങൾ, കശുവണ്ടി, നേന്ത്ര ക്കായ്, കൈതച്ചക്ക തുടങ്ങിയവ മൂല്യവർദ്ധനയിലൂടെ പുതിയ ഉൽപ്പന്നങ്ങ ളാക്കി മാറ്റുന്നതിന് വലിയ സാദ്ധ്യതകളാണുള്ളതെന്ന് മനസ്സിലാക്കുകയും അവയുടെ വിപണനസാദ്ധ്യതകൾ വിലയിരുത്തുന്നതിനുവേണ്ടി നടപടികൾ

സ്വീകരിക്കുകയും ചെയ്തു. കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ സഹായത്തോടെ ഈ മേഖലയിലെ വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഈ മേഖലയുടെ വികസനത്തിനായി ഭക്ഷ്യ സംസ്കരണ മിഷൻ രൂപീകരിക്കുകയും കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ വിവിധ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസിയായി കിൻഫ്രയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ദേശീയ ഭക്ഷ്യ സംസ്കരണ മിഷന്റെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് സാമ്പത്തിക സഹായത്തിന്റെ 75 ശതമാനം കേന്ദ്ര വിഹിതവും 25 ശതമാനം സംസ്ഥാന വിഹിതവുമാണ്. 2012–13 സാമ്പത്തിക വർഷത്തിൽ കേന്ദ്ര വിഹിതമായി 623 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 450 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന ഭക്ഷ്യ സംസ്കരണ മിഷൻ വിവിധ പദ്ധതി നിർദ്ദേശങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. മൂല്യവർദ്ധിത വസ്തുക്കളുടെ ഉൽപ്പാദനം, അവയുടെ വിപണനം, സാങ്കേതിക വിദ്യയുടെ വികാസ പരിണാമങ്ങൾ, പാക്കേജിംഗ് രംഗത്തെ പുതിയ പ്രവണതകൾ, ഭക്ഷ്യവസ്തുക്കൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സാങ്കേതിക വിദ്യ എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് ഈ മേഖലയിൽ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. മൈസൂറിലെ M/s Central Food Technology Research Institute of India, M/s Defence Food Research Laboratory, കേരള കാർഷിക സർവ്വകലാശാല, തിരുവനന്തപുരത്തുള്ള National Institute of Interdisciplinary Science & Technology, സെൻട്രൽ റ്റ്യൂബർ ക്രോപ്സ്

റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ ഗവേഷണ സ്ഥാപനങ്ങളുടെ വൈദഗ്ദ്ധ്യം ഈ മേഖലയുടെ വികസനത്തിന് ഉപയോഗപ്പെടുത്തിവരുന്നു. എമർജിംഗ് കേരളയുടെ ഭാഗമായി ഈ മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് അന്തർദേശീയ നിലവാരമുള്ള ഒട്ടേറെ സ്ഥാപനങ്ങൾ മുന്നോട്ടുവന്നിട്ടുണ്ട്. ഈ മേഖലയുമായി ബന്ധപ്പെട്ട വിവിധ കോഴ്സുകൾക്ക് ഗവൺമെന്റ് സാമ്പത്തിക സഹായം നൽകുന്നതോടൊപ്പം സ്കിൽ ഡെവലപ്പ്മെന്റിനും ഹ്യൂമൻ റിസോഴ്സസ് ഡെവലപ്പ്മെന്റിനും പ്രത്യേക പ്രാധാന്യം നൽകുകയും ചെയ്യുന്നുണ്ട്. വയനാട് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ഫുഡ് പ്രോസസിംഗ് പാർക്കുകൾ തുടങ്ങുന്നതിന് ഗവൺമെന്റ് പ്രത്യേക പ്രാധാന്യം നൽകിവരുന്നുണ്ടെന്നും കാർഷികോൽപ്പന്നങ്ങളുടെ വാല്യു അഡിഷന് സാധ്യതയുള്ള സ്ഥലങ്ങളിൽ സെൻട്രൽ അസിസ്റ്റൻസിന്റെ അടിസ്ഥാനത്തിൽ കൂടുതൽ വ്യവസായ പാർക്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. ഫുഡ് പ്രോസസിംഗ് മേഖലയുമായി ബന്ധപ്പെട്ട് മോഡേണൈസേഷനും എക്സ്പോർട്ടിംഗിനും കേന്ദ്ര ഗവൺമെന്റിന്റെ ഇൻസെന്റീവ് ലഭിക്കുന്നുണ്ടെന്ന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രിയും ചാലക്കുടിയിൽ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ സഹായത്തോടെ 37 കോടി രൂപ ചെലവിൽ അത്യാധുനിക രീതിയിലുള്ള ഒരു സംരംഭവും ചേലക്കരയിൽ കൃഷി വകുപ്പിന്റെ ഫാമിൽ ഒരു ആധുനിക പഴം പച്ചക്കറി സംസ്കരണ കേന്ദ്രവും ആരംഭിക്കുമെന്ന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രിയും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് അറിയിച്ചു.

24 (*182) ദുർബല വിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണ പദ്ധതികൾ

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) നൽകിയ മറുപടിയിൽ, ദുർബല വിഭാഗങ്ങൾക്കായി ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിവരുന്ന പദ്ധതികളിൽ സാഫല്യം ഭവന പദ്ധതിക്കാവശ്യമായ പണം സർക്കാർ സബ്സിഡിയും ഹഡ്കോയിൽ നിന്നും വായ്പയും സന്നദ്ധ സംഘടനാ വിഹിതവും ഗുണഭോക്തൃ വിഹിതവും വഴിയാണ് സമാഹരിക്കുന്നതെന്നും പദ്ധതിയുടെ ഭൂവിക സനച്ചെലവുകളും അടിസ്ഥാന സൗകര്യച്ചെലവുകളും വഹിക്കേണ്ടത് തദ്ദേശ ഭരണ സ്ഥാപനങ്ങളാണെന്നും സഭയെ അറിയിച്ചു. ഇന്നൊവേറ്റീവ് ഭവന പദ്ധതി, കോഴിക്കോട് ബംഗ്ളാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനര ധിവാസ പദ്ധതി, എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി, സുരക്ഷാ ഭവന പദ്ധതി തുടങ്ങിയവയ്ക്കാവശ്യമായ പണം ഭവന നിർമ്മാണ ബോർഡിന് ബഡ്ജറ്റിലൂടെയാണ് ലഭിക്കുന്നത്. ഇനി നടപ്പിലാക്കാനുദ്ദേ ശിക്കുന്ന ഗൃഹശ്രീ ഭവന പദ്ധതി സർക്കാർ സബ്സിഡി/സന്നദ്ധ സംഘടന/എൻ.ജി.ഒ, കാരുണ്യവാൻമാരായ വ്യക്തികളുടെ വിഹിതം, ഗുണ ഭോക്തൃ വിഹിതം എന്നിവ ഉപയോഗിച്ചാണ് നടപ്പാക്കുന്നത്. ഇപ്പോൾ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ളതും ഒഴിഞ്ഞു കിടക്കുന്നതുമായ ഫ്ളാറ്റുകൾ, വീടുകൾ, പ്ലോട്ടുകൾ തുടങ്ങിയവ ഒരിക്കൽ കൂടി പൊതുലേലം ചെയ്യുന്നതിനും ഭവനിർമ്മാണ ബോർഡിന്റെ കൈവശമുള്ള സ്ഥലങ്ങളിൽ പുതിയ സ്കീമുകൾ ആവിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ദുർബല ജനവിഭാഗങ്ങൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിന്

ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏകീകരിക്കുന്നതിന് ഒരു ക്രൈറ്റീരിയ തയ്യാറാക്കുന്നതിന് നോഡൽ ഏജൻസിയായി ഹൗസിംഗ് ബോർഡിനെ നിയോഗിക്കുന്നതാണ്. ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള കലവറ യിലൂടെ മണലും ഭവനനിർമ്മാണ സാമഗ്രികളും കുറഞ്ഞ വിലയ്ക്ക് വിൽക്കു ന്നുണ്ട്. എം.എൻ. ലക്ഷം വീട് പദ്ധതിയനുസരിച്ച് 12,619 വീടുകൾക്കായി 53 കോടി രൂപ നൽകുകയും കോഴിക്കോട് ശാന്തിനഗർ കോളനിയിലെ പാർപ്പിട പദ്ധതിയുടെ ഭാഗമായി 218 വീടുകൾ നിർമ്മിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. ഹൗസിംഗ് ഫിനാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ കോൺസ്റ്റിറ്റ്യൂട്ട് ചെയ്താൽ ഉടൻതന്നെ പ്രവർത്തനം ആരംഭിക്കുന്നതാണെന്നും മൈത്രീ ഭവന പദ്ധതിയുടെ മോഡലിൽ ഒരു ഭവന നിർമ്മാണ പദ്ധതിക്ക് രൂപം നൽകുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറു പടിയായി മന്ത്രി അറിയിച്ചു.

25 (*183) <u>ഇലക്ട്രോണിക് ബില്ലിംഗ് മീറ്ററുകൾ</u>

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) നൽകിയ മറുപടിയിൽ, സഞ്ചരിച്ച ദൂരത്തിന്റെയും ചാർജിന്റെയും പേരിൽ യാത്രക്കാരും ഓട്ടോറിക്ഷാ ഡ്രൈവർമാരും തമ്മിൽ തർക്കങ്ങളും സംഘർഷ ങ്ങളും ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ഓട്ടോറിക്ഷകളിൽ ബില്ലിംഗ് മെഷീനോടുകൂടിയ ഫെയർ മീറ്റർ ഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നതായി സഭയെ അറിയിച്ചു. ഓട്ടോറിക്ഷകളിൽ ഘടിപ്പിച്ചി ട്ടുള്ള ഡിജിറ്റൽ മീറ്ററുകൾ ഓരോ വർഷവും പരിശോധിച്ചതിനുശേഷം മാത്രമേ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകാറുള്ളു. ഡ്രൈവർമാർക്ക് നൽകിവരുന്ന പരിശീലന കോഴ്സ് വ്യാപകമാക്കുന്നതാണെന്നും

തിരക്കേറിയ സ്ഥലങ്ങളിൽ പ്രീപെയ്ഡ് സിസ്റ്റം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി 184 മുതൽ 210 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1989 മുതൽ 2287 വരെയുള്ള ചോദ്യങ്ങളിൽ 263 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)